പീരുമേട് മേഖലയിലെ ആശുപത്രികൾ എം. ജി. പി.-യിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം

93 [1610] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മേഖലയിലെ ഗവൺമെന്റ് ആശുപത്രികൾ/ഡിസ്പെൻസറികൾ മുതലായവ എം. ജി. പി.-യിൽ ഉൾപ്പെടുത്തുവാൻ നൽകിയ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് ലഭ്യമാക്കുമോ;

(ബി) നാളിതുവരെയായി പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടില്ലെങ്കിൽ നടപ്പാക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആന്റ് (ബി) 14-5-2004-ലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 98/4/പൊ.ഭ.വ. പ്രകാരം സേവന പ്രദാനപദ്ധതി നടപ്പിലാക്കാൻ തെരെഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ പട്ടികയിൽ പീരുമേട് താലൂക്ക് ആശുപത്രിയും ഉൾപ്പെടുന്നുണ്ട്. കൂടുതൽ ആശുപത്രികൾ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുള്ള സേവന പ്രദാന പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്ന സമയത്ത് പരിഗണിക്കുന്നതാണ്.

ദേശീയ കുടുംബസഹായ പദ്ധതി പ്രകാരം സാമ്പത്തിക സഹായം

94 [1612] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബസഹായ പദ്ധതി പ്രകാരം 2001 ജനുവരി 1 മുൽ 2004 ഡിസംബർ 31 വരെ പേരാമ്പ്ര മണ്ഡലത്തിൽ എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവരുടെ പേരുവിവരവും അനുവദിച്ച തീയതിയും, സംഖ്യയും എത്രയാണെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്രപേർക്ക് സംഖ്യ നൽകാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) അനുവദിച്ച സംഖ്യ നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) സംഖ്യ എപ്പോൾ നൽകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ), (ബി), (സി), (ഡി) ആന്റ് (ഇ) വിവരം ശേഖരിച്ചുവരുന്നു.

ശ്രീമതി ചീരൂട്ടിക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം

95 [1614] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ തൂവ്വക്കുന്നിലെ രണ്ട് മാവുള്ളതിൽ വീട്ടിൽ താമസിക്കുന്ന ശ്രീമതി ചീരുട്ടി, ചികിത്സാ സഹായത്തിനുവേണ്ടി മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ (നമ്പർ: 3602/സി.എം./03/ഡി. ആർ. എഫ്. തീയതി 3-6-2003) എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീമതി ചീരൂട്ടിക്ക് എന്നത്തേക്ക് ചികിത്സാസഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആന്റ് (ബി) ശ്രീമതി ചീരൂട്ടിക്ക് 1-3-2005-ലെ സ. ഉ. (സാധാരണ) 1201/05/ റവ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന്, ചികിത്സാസഹായമായി 3000 (മൂവായിരം) രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

പറമ്പിക്കുളം ആളിയാർ പദ്ധതി

96 [1616] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കേരളവും തമിഴ്നാടും തമ്മിൽ എന്തെങ്കിലും ചർച്ചകളോ, ധാരണകളോ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച ചർച്ചകൾ എന്നാണ് നടന്നതെന്നും, എന്തെല്ലാം ധാരണകളാണ് ഈ ചർച്ചകളിൽ ഉണ്ടായിട്ടുള്ളതെന്നും, ഈ ചർച്ചകൾക്ക് കേരളത്തിൽ നിന്നുള്ള സംഘത്തിന് നേതൃത്വം നൽകിയതാരെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) തമിഴ്നാടിന് കൂടുതൽ ജലം നൽകാമെന്ന് ഈ ചർച്ചകളിൽ ഉറപ്പുനൽകിയിട്ടുണ്ടോ?

ഉത്തരം

(എ) കരാർ പുനരവലോകനം സംബന്ധിച്ച് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കേരളവും തമിഴ്നാടും തമ്മിൽ നിരവധി പ്രാവശ്യം ഉദ്യോഗസ്ഥതല, മന്ത്രിതല, മുഖ്യമന്ത്രിതല ചർച്ചകൾ നടത്തിയിട്ടുണ്ട്. എന്നാൽ ജലവിഭജനം സംബന്ധിച്ച് ധാരണകളിൽ എത്തിച്ചേർന്നിട്ടില്ല.

(ബി) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകന നടപടികൾ 1988-ൽ തന്നെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പുനരവലോകനം സംബന്ധിച്ച് 10-6-2002-ൽ ചെന്നൈയിലും 13-2-2003-ൽ തിരുവനന്തപുരത്തും 10-11-2003-ൽ ചെന്നൈയിലും 4-1-2004, 27-11-2004 എന്നീ തീയതികളിൽ തിരുവനന്തപുരത്തുവച്ചും അന്തർസംസ്ഥാന മന്ത്രിതല ചർച്ചകളും 6-11-2004-ൽ ചെന്നൈയിൽവച്ച് മുഖ്യമന്ത്രിതല ചർച്ചയും നടത്തിയിട്ടുണ്ട്. കൂടാതെ 3-1-2004-ൽ തിരുവനന്തപുരത്തും 18-12-2004-ൽ ചെന്നൈയിൽ വച്ചും ഉദ്യോഗസ്ഥതല ചർച്ചകളും നടത്തിയിട്ടുണ്ട്. 6-11-2004-ൽ ചെന്നൈയിൽവച്ച് നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളം ആവശ്യപ്പെട്ട പ്രകാരം മണക്കടവ് വിയറിനും മൂലത്തറ റെഗുലേറ്ററിനും ഇടയിൽ സ്ഥാപിച്ചിട്ടുള്ള അനധികൃത പമ്പ് സെറ്റുകൾ ഉടനടി നീക്കം ചെയ്യുന്നതാണെന്നും പറമ്പിക്കുളം ആളിയാർ പദ്ധതി കരാർപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly